# പതിനാലാം കേരള നിയമസഭ
# ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*43 13.01.2021- ൽ മറുപടിക്ക്

## കൈത്തറി മേഖലയിലെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.അനിൽ അക്കര | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |

(എ) കൈത്തറി മേഖലയിലെ ഉല്പാദന രീതികളുടെ നവീകരണവും ഉല്പാദന വൈവിധ്യവും ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടുണ്ടോ;

(എ) 2017-18 സാമ്പത്തിക വർഷം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും പ്രചോദനവും എന്ന പദ്ധതി പ്രകാരം ഹാൻവീവിന് തിരുവനന്തപുരം മേഖലയിൽ സിൽക്ക് സാരികൾ ഉല്പാദിപ്പിക്കുന്നതിന് 5 ലക്ഷം രൂപയും കളർ സാരികൾ ഉൽപ്പാദിപ്പിക്കുന്നതിന് 60 ലക്ഷം രൂപയും അനുവദിച്ച് നൽകിയിരുന്നു.

ഹാന്റക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി നെയ്ത്തു സംഘങ്ങൾ എന്നിവയിൽ നെയ്ത്തുകാരുടെ കഠിനാദ്ധ്വാനം കുറയ്ക്കുവാനും കൂടുതൽ ഉല്പന്നങ്ങൾ വളരെ വേഗത്തിൽ നെയ്യുവാനും നല്ല ഡിസൈനോടു കൂടിയ ഉല്പന്നങ്ങൾ മാർക്കറ്റിൽ വിറ്റഴിക്കുവാനുമായി വിവിധ നെയ്ത്തുപകരണങ്ങൾ നൽകിവരുന്ന പദ്ധതിയാണ് ടെക്നോളജി അപ്ഗ്രഡേഷൻ. ലഭ്യമാകുന്ന അപേക്ഷകൾ ടെക്നിക്കൽ കമ്മിറ്റിയുടെ അനുവാദത്തിന് വയ്ക്കുകയും കമ്മിറ്റി അനുവദിക്കുന്ന അപേക്ഷകളിൽ മൊത്തം തുകയുടെ 75% സർക്കാരും 25% സംഘവും വഹിക്കുകയും ചെയ്യുന്നു. ലഭ്യമാകുന്ന അപേക്ഷകൾ തീർപ്പാക്കുന്നതു കൈത്തറി ഡയറക്ടറും ആയതിന്റെ മോണിറ്ററിംഗ് അതോറിറ്റി ജില്ലാ വ്യവസായ കേന്ദ്രവും ആണ്.

| | |
|---|---|
| (ബി) കേരള ഹാന്റ്ലൂമിനെ പൊതു ബ്രാന്റിന്റെ കീഴിൽ കൊണ്ടുവരുവാനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്; | (ബി) കൈത്തറി ഉല്പന്നങ്ങളുടെ ബ്രാൻഡിംഗുമായി ബന്ധപ്പെട്ട് തിരഞ്ഞെടുക്കപ്പെട്ട കൈത്തറി ഉല്പന്നങ്ങൾക്ക് ലോഗോ തയ്യാറാക്കുന്നതിന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി (ഐ.ഐ.എച്ച്.റ്റി)യെ ചുമതലപ്പെടുത്തുകയും ലോഗോ തിരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുകയും ചെയ്യുന്നു. കൂടാതെ കൈത്തറി ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗിനുള്ള ആദ്യ ഇൻസ്റ്റാൾമെന്റായി 10 ലക്ഷം രൂപ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രാഥമികമായി നൂറോളം കൈത്തറി ഉല്പന്നങ്ങൾ ബ്രാന്റ് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി സംബന്ധിച്ച തുടർനടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. |
| (സി) ഹാന്റക്സ് 'കൈത്തറി സുരക്ഷ' യിലൂടെ എന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇതിലൂടെ നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; | (സി) ഹാന്റക്സ് കൈത്തറി സുരക്ഷ പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ട്. അംഗസംഘങ്ങളിലെ നെയ്ത്തുകാർക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ മുൻകൂറായി നൽകിക്കൊണ്ടും തുണി സംഭരണം നടത്തിയാലുടൻ കൂലി ഉറപ്പാക്കികൊണ്ടുമാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.<br><br>നെയ്ത്തുകാർക്ക് ഉയർന്ന വേതനം ഉറപ്പാക്കുന്നതോടൊപ്പം ഉപഭോക്താക്കൾക്ക് ഏറ്റവും ഗുണമേന്മയുള്ള കൈത്തറി ഉല്പന്നങ്ങൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.<br><br>ഉപഭോക്താക്കൾ ഏറെ ഇഷ്ടപ്പെടുന്ന പരമ്പരാഗത കൈത്തറി വസ്ത്രങ്ങളെ ബ്രാൻഡ് ചെയ്ത് ഉയർന്ന വിലയ്ക്ക് വിറ്റഴിക്കുക വഴി നെയ്ത്തുകാർക്ക് ന്യായമായ വരുമാനം ഉറപ്പാക്കുക എന്നതാണ് ഉദ്ദേശ്യം. ഇതിലൂടെ സംസ്ഥാന സർക്കാരിന്റെ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായ തുണി ഉല്പാദനത്തോടൊപ്പം പരമ്പരാഗത കൈത്തറി ഉല്പന്നങ്ങളുടെ ഉല്പാദനവും ഉറപ്പാക്കുവാൻ സാധിക്കും. ഈ മാതൃകയിൽ ഗുണമേന്മ ഉറപ്പാക്കി ഹാന്റക്സ് പുറത്തിറക്കിയ പ്രീമിയം ഉല്പന്നങ്ങൾക്ക് ഉപഭോക്താക്കൾക്കിടയിൽ വൻ സ്വീകാര്യതയാണ് ലഭിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | കൈത്തറി മേഖലയ്ക്ക് ആവശ്യമായ കഴിനൂൽ ഉല്പാദനം സംസ്ഥാനത്ത് ഏതൊക്കെ മില്ലുകളിലാണ് നടത്തുന്നത്; | (ഡി) | ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ എന്നീ മില്ലുകളിൽ കഴി നൂൽ ഉല്പാദിപ്പിക്കുന്നുണ്ട് |
| (ഇ) | സ്കൂൾ യൂണിഫോം നിർമ്മിക്കുന്നതിന് ആവശ്യമായ നൂൽ സംസ്ഥാനത്ത് തന്നെ ഉല്പാദിപ്പിക്കുന്നതിന് സാധിക്കുന്നുണ്ടോ? | (ഇ) | സ്കൂൾ യൂണിഫോം പദ്ധതിയ്ക്കായുള്ള നൂൽ മുഖ്യമായും സംസ്ഥാനത്തെ മില്ലുകളിൽ നിന്നുമാണ് ഉല്പാദിപ്പിക്കുന്നത്. കേരളത്തിലെ മില്ലുകളിൽ നിന്നും കേന്ദ്ര സർക്കാർ സ്ഥാപനമായ ദേശീയ കൈത്തറി വികസന കോർപ്പറേഷൻ (NHDC) മുഖേന വിവിധ യാൺ ബാങ്കുകൾ വഴിയാണ് സംഘങ്ങൾക്ക് നൂൽ ലഭ്യമാകുന്നത്. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ അധീനതയിലുള്ള കോമളപുരം സ്പിന്നിംഗ് മിൽസ്, ഹൈടെക് വീവിംഗ് മിൽസ് എന്നിവിടങ്ങളിൽ നിന്നും കൂടാതെ കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ്, ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് തുടങ്ങിയ കേരളത്തിലെ പൊതുമേഖലയിലും സഹകരണ മേഖലയിലും പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകളിൽ നിന്നുമാണ് സ്കൂൾ യൂണിഫോം പദ്ധതിയ്ക്കായിട്ടുള്ള നൂൽ വാങ്ങുന്നത്. |

സെക്ഷൻ ഓഫീസർ